# സയൻസ് ക്ലബ്ബ് അസോസിയേഷൻ

## ഹരിപ്പാട് സബ് ജില്ല

2013-14 അധ്യയനവർഷത്തേക്കുള്ള പ്രവർത്തന രേഖ

(2013 ജൂൺ മുതൽ ഡിസംബർവരെയുള്ളത് . 2014 ജനുവരി മുതൽ മാർച്ച് 31 വരെയുള്ളത് പിന്നീട് പ്രസിദ്ധീകരിക്കും)

ബഹുമാന്യ പ്രഥമ അദ്ധ്യാപകരെ,ശാസ്ത്രാദ്ധ്യാപകരെ,

ഹരിപ്പാട് ഉപജില്ല സയൻസ് ക്ലബ്ബ് അസോസിയേഷൻ മറ്റ് സബ് ജില്ലകൾക്കുകൂടി മാതൃകയായിക്കൊണ്ട് അതിന്റെ പ്രവർത്തനം തുടരുകയാണ്. പതിവുരീതികൾക്ക് വിഭിന്നമായി അവധിക്കാലത്തുപോലും ക്ലാസ്സുകൾ സംഘടിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ പ്രവർത്തനങ്ങൾകൊണ്ട് വിദ്യാർത്ഥികൾക്കിടയിലും രക്ഷിതാക്കൾക്കിടയിലും അദ്ധ്യാപകർക്കിടയിലും പൊതുവിദ്യാഭ്യാസത്തേപ്പറ്റി മതിപ്പുളവാക്കാൻ ഒരു പരിധിവരെയെങ്കിലും കഴിഞ്ഞിട്ടുണ്ടെന്നാണ് സയൻസ് ക്ലബ്ബ് അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തുന്നത്. നമുക്ക് ഔദ്യോഗിക തലത്തിലും ഏറെ പ്രശംസനേടാനായിട്ടുണ്ട്. നമ്മുടെ സബ് ജില്ലയിലെ ശാസ്ത്ര വിദ്യാഭ്യാസം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ശാസ്ത്രാദ്ധ്യാപക കൂട്ടായ്മയായ സയൻസ് ഇനിഷ്യേറ്റീവിന്റെ സഹകരണവും നമ്മുടെ പ്രവർത്തനങ്ങളെ കൂടുതൽ സാങ്കേതിക മികവിലേക്ക് എത്തിക്കാൻ സഹായിച്ചിട്ടുണ്ട്. സ്വന്തമായി ഇന്റർനെറ്റ് റേഡിയോ പ്രക്ഷേപണമുള്ള കേരളത്തിലേതന്നെ ആദ്യത്തെ സബ് ജില്ലയാകാൻ നമുക്ക് ഇതിലൂടെ കഴിഞ്ഞു. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും നമ്മുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നു. ഇത്തരത്തിലുള്ള നിരവധി നേട്ടങ്ങളുമായി നമ്മുടെ സയൻസ് ക്ലബ്ബ് അസോസിയേഷൻ പ്രവർത്തിക്കുമ്പോൾ കൂടുതൽ പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുത്തുകൊണ്ട് നമ്മുടെ ശാസ്ത്രവിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തുവാൻ നമുക്ക് കൂട്ടായി ശ്രമിക്കാം.

**ജൂൺ 5 – ലോകപരിസ്ഥിതി ദിനാഘോഷം**

സയൻസ് ഇനിഷ്യറ്റീവിന്റെ സഹകരണത്തോടെ സ്കൂളുകളിൽ സയൻസ് ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ഉപന്യാസമത്സരം,ക്വിസ് മത്സരം തുടങ്ങിയവ. ഇതു കൂടാതെ സ്കൂളുകൾക്ക് തനതു പരിപാടികളും നടപ്പിലാക്കാം.

**ക്വിസ് മത്സരം യു.പി./ എച്ച്.എസ് / എച്ച്.എസ്.എസ് വിഭാഗം**

ഓൺലൈനായി ചോദ്യങ്ങൾ എത്തിക്കും

മത്സരവിജയികൾക്കുള്ള സർട്ടിഫിക്കേറ്റുകൾ സയൻസ് ഇനിഷ്യേറ്റീവ് നൽകും

ആവശ്യമുള്ള സ്കൂളുകൾ സർട്ടിഫിക്കേറ്റുകൾ ഡൗൺലോഡ് ചെയ്ത് പ്രിന്റെടുത്ത് വിജയികൾക്കു നൽകണം.

**ബാലശാസ്ത്രവേദി/ സയൻസ് ക്ലബ്ബ് രജിസ്ട്രേഷൻ**

– ജൂൺ 14 നകം സബ് ജില്ലയിലെ മുഴുവൻ എൽ.പി /യു.പി./ എച്ച്.എസ് / എച്ച്.എസ്.എസ് സ്കൂളുകളിൽ ബാലശാസ്ത്രവേദി/ സയൻസ് ക്ലബ്ബ് രൂപീകരിക്കണം.അന്നുതന്നെ ഭാരവാഹികളുടെ ലിസ്റ്റ് ഓൺലൈനായി നൽകണം. ഇതിനു സൗകര്യം തീരെയില്ലാത്ത എൽ.പി. /യു.പി സ്കൂളുകൾ (മുൻകൂട്ടി സയൻസ് ക്ലബ് സെക്രട്ടറിയെ അറിയിക്കണം) പ്രത്യേക ഫോർമാറ്റിൽ ( എ.ഇ.ഒയിൽ നിന്നും നൽകും)പൂരിപ്പിച്ച് ബന്ധപ്പെട്ട സ്കൂൾ മേലധികാരി എ.ഇ.ഒയിൽ ജൂൺ 12 നകം എത്തിക്കണം.

**പ്രോജക്ട് ക്ലാസ്**

– ജൂൺ 15 ശനിയാഴ്ച രാവിലെ 10 മുതൽ എൽ.പി /യു.പി./ എച്ച്.എസ് .വിഭാഗം ശാസ്ത്രാദ്ധ്യാപകർക്ക് പ്രോജക്ട് പരിശീലനക്ലാസ്. എൽ.പി –1,യു.പി.. എച്ച്.എസ് –1 എന്നിങ്ങനെ പങ്കെടുക്കണം

ഹരിപ്പാട് ബി.ആർ.സി

–ജൂൺ 22 ,ശനി സയൻസ് ക്ലബ്ബ് പ്രസിഡന്റ് –സെക്രട്ടറിമാരായ കുട്ടികൾക്കുള്ള പരിശീലനം രാവിലെ 10 മുതൽ . (സ്ഥലം പിന്നീട് അറിയിക്കും)

**ബാലശാസ്ത്രകോൺഗ്രസ്**

**പ്രോജക്ട് ആരംഭം**

–എൽ.പി /യു.പി./ എച്ച്.എസ് വിഭാഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സബ് ജില്ലാ ബാലശ്സ്ത്ര കോൺഗ്രസ് ഒക്ടോബറിൽ സംഘടിപ്പിക്കും. ഇതിന്റെ **പ്രോജക്ട് ജൂലയ് 1 മുതൽ സ്കൂളുകളിൽ ആരംഭിക്കണം**. തീയതി ,സ്ഥലം എന്നിവ അറിയിക്കും.

**പ്രോജക്ട് ക്ലിനിക്ക്** –പ്രോജക്ട് പ്രവർത്തനം വിലയിരുത്തുന്നതിനും സഹായിക്കുന്നതിനുമായി ഹയർസെക്കന്ററി

അദ്ധ്യാപകർ ,മറ്റ് വിദ്ഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി പ്രോജക്ട് ക്ലിനിക്കുകൾ ജൂലയ് മുതൽ ഒക്ടോബർ വരെ സംഘടിപ്പിക്കും.

**സയൻസ് വർക്ക്ഷോപ്പ്** -ഓണാവധിയോടനുബന്ധിച്ച് യു.പി കുട്ടികൾക്കായി രണ്ടുദിവസത്തെ സയൻസ് വർക്ക്ഷോപ്പ് സംഘടിപ്പിക്കും.ഗവേഷണ കുതുകികളായ കുട്ടികൾക്ക് പ്രവേശനം. ഇതിനായി സയൻസ് ഇനിഷ്യേറ്റീവ് ,കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ ,ശാസ്ത്രസാഹിത്യ പരിഷത്ത് എന്നിവരുടെ സഹകരണം തേടും.

**സ്കൂൾതല ശാസ്ത്രമേള**

- ഒക്ടോബർ 25 ന് സ്കൂൾ തല ശാസ്ത്രമേള (എല്ലാ സ്കൂളുകളിലും)
(മറ്റ് ക്ലബ്ബ് ഭാരവാഹികളുമായി കൂടിയാലോചിച്ച് എല്ലാമേളകളും നടത്താനാകുമോയെന്ന് തീരുമാനിക്കണം)

**ശാസ്ത്രമേളകൾ**

നവംബർ മാസത്തിൽ സബ് ജില്ലാ ശാസ്ത്രമേള
ഡിസംബർ മാസത്തിൽ റവന്യൂ ജില്ലാ ശാസ്ത്രമേള

**ജൂനിയർ സയന്റിസ്റ്റ്**

ഹരിപ്പാട് സബ് ജില്ലയിലെ എൽ.പി,യു.പി കുട്ടികളുടെ ശാസ്ത്രാഭിരുചിയും ഗവേഷണ താൽപ്പര്യവും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സയൻസ് ഇനിഷ്യേറ്റീവ് ,കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കാൻ ഉദ്ദ്യേശിക്കുന്നു. പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങളെ ഇംപ്രൊവൈസേഷനുമായി ബന്ധപ്പെടുത്തി കുട്ടികളുടെ ശാസ്ത്രാഭിരുചിയും ഗവേഷണ താല്പര്യവും ഇതുവഴിമെച്ചപ്പെടുത്താനാവുമെന്ന് പ്രതീക്ഷിക്കുന്നു.ജൂലയ് 1 മുതൽ ഈ പരിപാടി സബ് ജില്ലയിൽ നിലവിൽ വരും. തുടർ പരിശീലനങ്ങൾ ഇതിനായി നൽകും.കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കും.

ഇതു കൂടാതെ  വിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കുന്ന എല്ലാ പരിപാടികളും സംഘടിപ്പിക്കും. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട്  ക്വിസ് മത്സരങ്ങൾ , ഉപന്യാസമത്സരങ്ങൾ എന്നിവയും അനുബന്ധമായി സംഘടിപ്പിക്കും. കഴിഞ്ഞ അദ്ധ്യയന വർഷം ആരംഭിച്ച് പഞ്ചായത്ത് തല ശാസ്ത്രക്ലാസ് പരമ്പര തുടരും.

**2014 ജനുവരി 1 മുതലുള്ള പരിപാടികൾ പിന്നീട് അറിയിക്കുന്നതാണ്.**

സബ് ജില്ലയിലൊ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ശാസ്ത്ര പഠനത്തിന്റെ നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.പരിപാടികളുടെ വിജയം നമ്മുടെ പൊതുവിദ്യാഭ്യാസത്തിനുഗുണകരമാകുമെന്നു കരുതുന്നു. പരിപാടികളുടെ വിജയത്തിനായി എല്ലാ ഹെഡ്മാസ്റ്റർമാരുടേയും അദ്ധ്യാപകരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

| | |
|---|---|
| **കെ.ചന്ദ്രമതി** | **സി.ജി.സന്തോഷ്** |
| എ.ഇ.ഒ | സെക്രട്ടറി |
| പ്രസിഡന്റ് | |